721
11/2/13

# കേരള സർക്കാർ

## സംഗ്രഹം

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് - ജീവനക്കാര്യം - വിവാഹിതരായ മകൻ/മകൾ എന്നിവർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം - ജീവിതപങ്കാളിയുടെ വ്യക്തിഗത വരുമാനംകൂടി കണക്കിലെടുക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ്

സ.ഉ. (പി) 03/2013/ഉ.ഭ.പ.വ. തിരുവനന്തപുരം, തീയതി 05.02.2013

പരാമർശം:- 1) 24.05.1999ലെ സ.ഉ.(പി) നം.12/99/ഉഭപവ
2) 18.11.1999ലെ സ.ഉ.(പി) നം.24/99/ഉഭപവ
3) 15.07.2002 ലെ സ.ഉ.(പി) നം.37/02/ഉഭപവ
4) 12.04.2010 ലെ സ.ഉ.(പി) നം.14/10/ഉഭപവ

## ഉത്തരവ്

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിനുള്ള വ്യവസ്ഥകൾ സൂചന (1)ലെ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന് (2) മുതൽ (4)വരെയുള്ള ഉത്തരവുകൾ പ്രകാരം ഭേദഗതികൾ വരുത്തിയിട്ടുണ്ട്. സൂചന (4)ലെ ഉത്തരവ് പ്രകാരം ആശ്രിത നിയമനത്തിന് വിവാഹിതരായ മകൻ/മകൾ എന്നിവരെകൂടി പരിഗണിച്ചുവരുന്നുണ്ട്. കൂടാതെ പ്രസ്തുത നിയമനം ലഭിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാനം 41/2 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുമുണ്ട്. ഇത്തരം അപേക്ഷകരെ നിയമനത്തിന് പരിഗണിക്കുമ്പോൾ അവരുടെ കുടുംബ വാർഷിക വരുമാനത്തിൽ ജീവിത പങ്കാളിയുടെ വ്യക്തിഗത വരുമാനം കുടി കണക്കിലെടുക്കേണ്ടതാണെന്നും ആശ്രിത, വരുമാന സർട്ടിഫിക്കറ്റുകൾ ജീവനക്കാരൻ മരണമടഞ്ഞ് ഒരു വർഷത്തിനകം ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നും വാങ്ങേണ്ടതാണെന്നും റവന്യൂ വകുപ്പ് അഭിപ്രായപ്പെടുകയുണ്ടായി. ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന വ്യവസ്ഥകൾകൂടി സമാശ്വാസ തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) ആശ്രിത നിയമനത്തിനായി വിവാഹിതരായ മകൻ/മകൾ അപേക്ഷ സമർപ്പിക്കുമ്പോൾ അവരുടെ ജീവത പങ്കാളിയുടെ വരുമാനം കുടി ഉൾപ്പെടുത്തേണ്ടതാണ്. (അതായത് വിവാഹിതരായ അപേക്ഷകരുടെ വരുമാനം = കുടുംബ വരുമാനം + അപേക്ഷക/അപേക്ഷകന്റെ വരുമാനം + അപേക്ഷക/ അപേക്ഷകന്റെ ജീവിത പങ്കാളിയുടെ വ്യക്തിഗത വരുമാനം).

(ii) ഇപ്രകാരം അപേക്ഷകരുടെ വാർഷിക വരുമാനം കണക്കാക്കുമ്പോൾ നിലവിൽ അനുവദനീയമായ ഉയർന്ന വാർഷിക കുടുംബ വരുമാന പരിധിയായ 4.5 ലക്ഷം രൂപയോ അതിൽ താഴെയോ വരുന്നവരെ ആശ്രിത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആശ്രിത നിയമനത്തിനായി പരിഗണിക്കാവുന്നതാണ്.

(iii) വർഷാവർഷം വരുമാനത്തിൽ മാറ്റം വരാമെന്നുള്ളതുകൊണ്ട് ഉദ്യോഗസ്ഥൻ/ഉദ്യോഗസ്ഥ മരണമടഞ്ഞ് ഒരു വർഷത്തിനുള്ളിൽ പ്രസ്തുത ആശ്രിത, വരുമാന സർട്ടിഫിക്കറ്റുകൾ റവന്യൂ അധികാരികളിൽനിന്നും വാങ്ങേണ്ടതാണ്.

**ഗവർണറുടെ ഉത്തരവിന് പ്രകാരം,**
**റ്റി.ജെ.മാത്യൂ**
**സെക്രട്ടറി**

പകർപ്പ്:- എല്ലാ വകുപ്പു മേധാവികൾക്കും/ നിയമനാധികാരികൾക്കും.
ഓഫീസുകൾക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും.
അക്കൗണ്ടന്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്തു സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) (ആമുഖ കത്തു സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്തു സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം)

രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/ കണ്ണൂർ/ ആരോഗ്യ/ വെറ്ററിനറി/ സംസ്കൃത, മഹാത്മാ ഗാന്ധി, കാർഷിക സർവ്വകലാശാലകൾ (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, നിയമസഭ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).
ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
മുഖ്യമന്ത്രിയുടെയും എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഗവർണറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിയ്ക്ക്
ഡയറക്ടർ, പബ്ലിക് റിലേഷൻസ്. (പത്രമാധ്യമങ്ങളിലൂടെയുള്ള വിപുലമായ പ്രചരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.